# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1805

17/03/2015—ൽ മറുപടി നല്കേണ്ടിയിരുന്നത്

### പി.എസ്.സി പരീക്ഷ

**ചോദ്യം**

ശ്രീ.ടി.വി രാജേഷ്

(എ) പി.എസ്.സി നടത്തുന്ന പരീക്ഷകളിൽ പല ചോദ്യങ്ങളും റദ്ദാക്കി മൂല്യനിർണ്ണയം നടത്തുന്നത് ഒഴിവാക്കി കുറ്റമറ്റ രീതിയിൽ പരീക്ഷ നടത്തുന്നതിനും ചോദ്യങ്ങളിലെ പിശകുകൾ ഇല്ലാതാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ ?

**ഉത്തരം**

ശ്രീ.ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) പി.എസ്.സി നടത്തുന്ന പരീക്ഷകളുടെ ചോദ്യപേപ്പറുകൾ അതാത് വിഷയങ്ങളിലെ വിദഗ്ധർ ആണ് തയ്യാറാക്കുന്നത്. ഇത് സീൽ ചെയ്ത കവറിലാണ് പരീക്ഷാ കൺട്രോളറുടെ ആഫീസിൽ ലഭിക്കുന്നത്. ആയത് അതേപടി, മറ്റൊരു മുദ്ര വച്ച കവറിലാക്കിയാണ് സെക്യൂരിറ്റി പ്രസിലേക്ക് അയയ്ക്കുന്നത്. ഓരോ ക്വസ്റ്റ്യൻ ബുക്ക് ലെറ്റും മുദ്രവയ്ക്കുകയും അത്തരത്തിൽ 20 എണ്ണം മറ്റൊരു മുദ്ര വച്ച കവറിലാക്കിയാണ് പി.എസ്.സിക്ക് ലഭിക്കുന്നത്. ഈ മുദ്ര വച്ച കവർ പരീക്ഷാ ഹാളിൽ ഉദ്യോഗാർത്ഥികളുടെ സാന്നിദ്ധ്യത്തിലാണ് തുറക്കുന്നത്. അത് രണ്ട് ഉദ്യോഗാർത്ഥികളെ രേഖാമൂലം അറിയിക്കുകയും ചെയ്യുന്നുണ്ട്. പരീക്ഷ സമയത്ത് ഉദ്യോഗാർത്ഥി, ചോദ്യപേപ്പർ സീൽ ഇളക്കി മാറ്റിയതിനു ശേഷം മാത്രമേ, ചോദ്യങ്ങൾ പുറത്താകുന്നുള്ളൂ. പരീക്ഷകളുടെ രഹസ്യസ്വഭാവം നിലനിർത്തുവാൻ വേണ്ടിയാണിത്. ചോദ്യങ്ങളിൽ തെറ്റുകൾ ഉണ്ടായാൽ പരീക്ഷ കഴിഞ്ഞു മാത്രമേ, ആയത് അറിയുവാൻ സാധിക്കുകയുള്ളൂ. ചോദ്യങ്ങൾ മുൻകൂട്ടി വായിച്ച് തെറ്റുകൾ കണ്ടുപിടിച്ച് ഒഴിവാക്കുന്ന പ്രക്രിയ സ്വീകരിക്കുകയാണെങ്കിൽ, പരീക്ഷയുടെ രഹസ്യസ്വഭാവം നഷ്ടപ്പെടുകയും ചോദ്യങ്ങൾ ചോർന്നുപോകുവാൻ ഇടവരുകയും ചെയ്യും. വിഷയ വിദഗ്ധർ ചോദ്യപേപ്പർ രൂപീകരിക്കുമ്പോൾ യാതൊരു വിധത്തിലുമുള്ള തെറ്റുകൾ വരുത്തരുത് എന്നുള്ള കർശന നിർദ്ദേശം നല്കുന്നതിനു പുറമേ ഗൈഡുകളിൽ നിന്നോ, പ്രൈവറ്റ് പുസ്തകങ്ങളിൽ നിന്നോ,

വെബ്സൈറ്റുകളിൽ നിന്നോ ചോദ്യങ്ങളോ ഉത്തരങ്ങളോ പകർത്തിയിട്ടില്ലായെന്ന ഒരു ഡിക്ലേറേഷനും വാങ്ങാറുണ്ട്. എന്നിട്ടും ചോദ്യപേപ്പറിൽ തെറ്റ് വരുത്തുന്ന വിഷയ വിദഗ്ധരെ പാനലിൽ നിന്നും മാറ്റുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നു. ഇതിനുപുറമേ ചോദ്യപേപ്പറിൽ പരമാവധി തെറ്റുകൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വന്തം നിലയിൽ ഒരു ചോദ്യബാങ്ക് ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ